**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 57** **27-01-2026 - ൽ മറുപടിയ്ക്ക്**

**കോളീജിയേറ്റ് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ (മാത്തമാറ്റിക്സ്) റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2023 ജനുവരി 23 ന് നിലവിൽ വന്ന കോളീജിയേറ്റ് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ (മാത്തമാറ്റിക്സ്) റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനങ്ങൾ നടത്തുന്നതിൽ കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കാമോ; | (എ) | 2023 ജനുവരി 28 ന് നിലവിൽ വന്ന കോളേജിയേറ്റ് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസ്സർ (മാത്തമാറ്റിക്സ്) റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ 28 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.<br><br>യു.ജി.സി മാനദണ്ഡപ്രകാരം പി.ജി വെയിറ്റേജ് ഒഴിവാക്കിയപ്പോഴും എം.ഫിൽ നിർത്തലാക്കിയപ്പോഴും മതിയായ വർക്ക് ലോഡ് ഇല്ലാത്തതിനാൽ മാത്തമാറ്റിക്സ് വിഭാഗത്തിൽ 21 അധിക തസ്തികകൾ നിലനിന്നിരുന്നു. അധിക തസ്തികകൾ ക്രമീകരിക്കുന്ന മുറയ്ക്ക് മാത്രമേ പുതുതായി റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുവാൻ സാധിക്കുമായിരുന്നുള്ളൂ. |
| (ബി) | കോളീജിയേറ്റ് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ (മാത്തമാറ്റിക്സ്) തസ്തികയിലെ ഒഴിവുകൾ 2020ന് ശേഷം റിപ്പോർട്ട് ചെയ്യുന്നില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | 2023 ജനുവരി 28 ന് നിലവിൽ വന്ന കോളേജിയേറ്റ് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസ്സർ (മാത്തമാറ്റിക്സ്) റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ 28 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.<br><br>യു.ജി.സി മാനദണ്ഡപ്രകാരം പി.ജി വെയിറ്റേജ് ഒഴിവാക്കിയപ്പോഴും എം.ഫിൽ നിർത്തലാക്കിയപ്പോഴും മതിയായ വർക്ക് ലോഡ് ഇല്ലാത്തതിനാൽ മാത്തമാറ്റിക്സ് വിഭാഗത്തിൽ 21 അധിക തസ്തികകൾ നിലനിന്നിരുന്നു. അധിക തസ്തികകൾ ക്രമീകരിക്കുന്ന മുറയ്ക്ക് മാത്രമേ പുതുതായി റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുവാൻ സാധിക്കുമായിരുന്നുള്ളൂ. |
| (സി) | പ്രസ്തുത തസ്തികയിലെ മുഴുവൻ ഒഴിവുകളും അടിയന്തരമായി റിപ്പോർട്ട് ചെയ്ത് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | മാത്തമാറ്റിക്സ് വിഷയത്തിൽ കണ്ടെത്തിയ അധിക തസ്തികകൾക്ക് ഉപരിയായി വന്ന 8 ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിനായി പി.എസ്.സി- ക്ക് റിപ്പോർട്ട് ചെയ്തിരുന്നു.<br><br>സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ വിവിധ വിഷയങ്ങളിൽ നിലനിന്നിരുന്ന അധിക തസ്തികകൾ പുനർവിന്യസിച്ച് GO(Rt)No. |

| | | | |
|---|---|---|---|
| | | | 52/2026/HEDN Dated 13-01-2026 (അനുബന്ധം) പ്രകാരം ഉത്തരവായിരുന്നു. ആയത് പ്രകാരം മാത്തമാറ്റിക്സ് വിഷയത്തിൽ 10 അധിക തസ്തികകൾ ഷിഫ്റ്റ് ചെയ്തത് മൂലമുണ്ടായ ഒഴിവുകൾ കൂടി പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി-യിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് വകുപ്പിൽ നിന്നും പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ്- കോളേജ് വിദ്യാഭ്യാസം- ജീവനക്കാര്യം- പി.ജി വെയിറ്റേജ് ഒഴിവാക്കിയത് കൊണ്ടും, എംഫിൽ കോഴ്സ് നിർത്തലാക്കിയത് മൂലവും സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ ഉണ്ടായ അധിക തസ്തികകൾ വിന്യസിച്ചും ഒഴിവുകൾ പി.എസ്.സി- ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.52/2026/HEDN തീയതി,തിരുവനന്തപുരം, 13-01-2026

---

പരാമർശം:-

1. സ.ഉ.(കൈ) നം.155/2020/ഉവിവ തീയതി 01.04.2020.
2. സ.ഉ.(കൈ) നം.193/2020/ഉവിവ തീയതി 25.05.2020
3. സ.ഉ.(കൈ) നം. 313/2020/ഉ.വി.വ തീയതി 11.09.2020
4. സ.ഉ.(സാ.ധാ) നം.770/2024/ഉ.വി.വ തീയതി 29.06.2024
5. സ.ഉ.(സാ.ധാ) നം.1051/2025/ഉവിവ തീയതി 04.08.2025
6. സ.ഉ.(സാ.ധാ) നം.1086/2025/ഉവിവ തീയതി 12.08.2025
7. സ.ഉ.(സാ.ധാ) നം.1457/2025/ഉവിവ തീയതി 07.11.2025
8. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 06.11.2025 തീയതിയിലെ A1/21558/2023/DCE നമ്പർ കത്ത്.

**ഉത്തരവ്**

യു.ജി.സി മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ എംഫിൽ കോഴ്സ് നിർത്തലാക്കിയതിനാലും, പി.ജി കോഴ്സുകൾക്ക് നൽകിയിരുന്ന അധിക വെയിറ്റേജ് ഒഴിവാക്കി ഉത്തരവായതിനാലും സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ 16 മണിക്കൂർ മതിയായ വർക്ക് ലോഡ് ഇല്ലാത്ത 361 അധിക അധ്യാപക തസ്തികകൾ നിലനിൽക്കുന്നതായി കോളേജ് വിദ്യാഭ്യാസ വകുപ്പ് നടത്തിയ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിരുന്നു.

2. പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാർ/എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ അധ്യാപകരുടെ ജോലിഭാരം 16 മണിക്കൂർ ആയി നിശ്ചയിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന് പരാമർശം (3) ഉത്തരവ് പ്രകാരം 01/06/2020 മുതൽ പ്രാബല്യം നൽകിയിരുന്നു. ആയതിനാൽ അധിക തസ്തികകൾ നിലനിൽക്കുന്ന വിഷയങ്ങളിൽ 01.06.2020 -ന് ശേഷം നിയമനം നൽകിയിട്ടില്ല. ഇത് കൂടാതെ, നാലുവർഷ ബിരുദ കോഴ്സിന്റെ ആദ്യ ബാച്ച് പഠനം പൂർത്തിയാകുന്നത് വരെ സർക്കാർ /എയ്ഡഡ് കോളേജുകളിൽ നിലവിൽ അനുവദിക്കപ്പെട്ട മുഴുവൻ ജോലിഭാരവും തസ്തികകളും തൽസ്ഥിതി നിലനിർത്തി ലോക്ക് ചെയ്ത് പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരം

ഉത്തരവായിട്ടുണ്ട്.

3. പരാമർശം (5), (6), (7) സർക്കാർ ഉത്തരവുകൾ പ്രകാരം അധിക തസ്തിക നിലനിന്നിരുന്ന കോളേജുകളിൽ നിന്നും വിവിധ വിഷയങ്ങളിൽ ആകെ 14 അധ്യാപക തസ്തികകൾ വിന്യസിച്ച് ഉത്തരവായിരുന്നു.

4. 2020-2021 അദ്ധ്യയന വർഷത്തിൽ വിവിധ സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുള്ളതിനാൽ ടി കോളേജുകളിൽ വർക്ക് ലോഡ് അടിസ്ഥാനത്തിൽ പുതിയ തസ്തികകൾ ആവശ്യമാണ്. ടി തസ്തികകളിൽ അതിഥി അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് ക്ലാസുകൾ നടത്തി വരുന്നത്. പുതിയ കോഴ്സുകളിൽ മതിയായ വർക്ക് ലോഡ് ഉള്ള കോളേജുകളിലേക്ക് മതിയായ വർക്ക് ലോഡ് ഇല്ലാത്തതായി കണ്ടെത്തിയ അംഗീകൃത തസ്തികകൾ പുനഃക്രമീകരിക്കുന്നതിലൂടെ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതുമൂലം സർക്കാരിന് ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ഇല്ലാതാകുകയും കൂടാതെ, തസ്തിക പുനഃക്രമീകരിക്കുന്നതിലൂടെ വിവിധ വിഷയങ്ങളിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് അവസരം ലഭിക്കുകയും ചെയ്യും എന്ന് പരാമർശം (8) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ മതിയായ വർക്ക് ലോഡ് നിലവിലുള്ളതായ വിഭാഗങ്ങളിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് കണ്ടെത്തിയ അധിക തസ്തികകൾ പുനഃക്രമീകരിക്കുന്നതിനായുള്ള പരാമർശം (8) പ്രകാരമുള്ള കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ അധിക തസ്തികകൾ പുനഃ വിന്യസിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | വിഷയം | വിന്യസിക്കാവുന്ന അധിക തസ്തികകളുടെ എണ്ണം | അധിക തസ്തിക നിലനിൽക്കുന്ന കോളേജ് | അധിക തസ്തിക വിന്യസിക്കേണ്ട കോളേജ് |
|---|---|---|---|---|
| 1 | ഇംഗ്ലീഷ് (21 അധിക തസ്തികകൾ) | 3 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം | ഗവ. കോളേജ്,കട്ടപ്പന |
| | | 1 | ഗവ. ബ്രണ്ണൻ കോളേജ്,തലശ്ശേരി | ഗവ. ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട് |
| | | 2 | മഹാരാജാസ്കോളേജ്, എറണാകുളം | ഗവ. കോളേജ്, ശാന്തൻപാറ |

| | | | | |
|---|---|---|---|---|
| | | 2 | ഗവ. ആർട്സ് കോളേജ്, തിരുവനന്തപുരം (1) ഗവ. വിമൻസ് കോളേജ്, തിരുവനന്തപുരം (1) | ഗവ. കോളേജ്, കുളത്തൂർ |
| | | 3 | ഗവ. കോളേജ്, ആറ്റിങ്ങൽ (1) ഗവ. കോളേജ്, തൃപ്പൂണിത്തുറ (2) | ഗവ. കോളേജ്, പെരിങ്ങോം |
| | | 2 | കെ.എം.എം. ഗവ. വിമൻസ് കോളേജ്, കണ്ണൂർ | ഗവ. കോളേജ്, തോലന്നൂർ |
| | | 1 | ശ്രീ സി. അച്യുതമേനോൻ ഗവ. കോളേജ്, തൃശ്ശൂർ | കെ.കെ.ടി.എം.ഗവ. കോളേജ്, പുല്ലൂറ്റ് |
| | | 3 | ഗവ. കോളേജ്, മലപ്പുറം (1), പി.ടി.എം. ഗവ. കോളേജ്, പെരിന്തൽമണ്ണ (1) ഗവ. വിക്ടോറിയ കോളേജ്, പാലക്കാട് (1) | ഗവ. കോളേജ്,തിരൂർ |
| | | 3 | ഗവ. കോളേജ്, അമ്പലപ്പുഴ (2) | ഗവ. കോളേജ്, നാദാപുരം |

| | | | | |
|---|---|---|---|---|
| | | | ശ്രീ സി. അച്യുതമേനോൻ ഗവ. കോളേജ്, തൃശ്ശൂർ (1) | |
| | | 1 | ഗവ. കോളേജ്, കാസർഗോഡ് | ഗവ. ആർട്സ് & സയൻസ് കോളേജ്, കരിന്തളം |
| | | 21 | | |
| 2 | **കെമിസ്ട്രി (14 അധിക തസ്തികകൾ)** | 3 | എസ്.എൻ.ജി. എസ്. കോളേജ്, പട്ടാമ്പി (1) യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം (1) ഗവ. വിമൻസ് കോളേജ്, തിരുവനന്തപുരം (1) | പി.ടി.എം. ഗവ. കോളേജ്, പെരിന്തൽമണ്ണ |
| | | 3 | ഗവ. ബ്രണ്ണൻ കോളേജ്, തലശ്ശേരി (1) ഗവ. കോളേജ്, കാസർഗോഡ് (1) യൂണിവേഴ്സിറ്റികോളേജ്, തിരുവനന്തപുരം (1) | കെ.എം.എം. ഗവ. വിമൻസ് കോളേജ്, കണ്ണൂർ |
| | | 3 | മഹാരാജാസ് കോളേജ്, എറണാകുളം | ഗവ. കോളേജ്, കോട്ടയം |
| | | | ഗവ. കോളേജ്, മടപ്പള്ളി (1) | |

| | | | | |
|---|---|---|---|---|
| | | 3 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം (1)<br>ടി.എം.ജെ.എം. ഗവ. കോളേജ്, മണിമലക്കുന്ന് (1) | ഗവ. കോളേജ്, മൊകേരി |
| | | 2 | ഗവ. കോളേജ്, ആറ്റിങ്ങൽ (1)<br>ഗവ. കോളേജ്, കട്ടപ്പന (1) | എൻ.എം.എസ്.എം. കോളേജ്, ഗവ. കൽപ്പറ്റ |
| | | **14** | | |
| 3 | **മാത്തമാറ്റിക്സ് (20 അധിക തസ്തികകൾ)** | 1 | സി.കെ.ജി.എം. ഗവ. കോളേജ്, പേരാമ്പ്ര | എസ്.എ. ആർ.ബി.ടി.എം. ഗവ. കോളേജ്, കൊയിലാണ്ടി |
| | | 2 | ഗവ. വിക്ടോറിയ കോളേജ്, പാലക്കാട് (1)<br>ഗവ. കോളേജ്, ചിറ്റൂർ (1) | ഗവ. ആർട്സ് & സയൻസ് കോളേജ്, തൃത്താല |
| | | 3 | ഗവ. കോളേജ്, മൊകേരി (2)<br>സി.കെ.ജി.എം. ഗവ. കോളേജ്, | ഗവ. ആർട്സ് & സയൻസ് കോളേജ്, കുന്ദമംഗലം |

| | | | | |
|---|---|---|---|---|
| | | | പേരാമ്പ്ര (1) | |
| | | 3 | പി.എം. ഗവ.കോളേജ്, ചാലക്കുടി (1), കെ.കെ.ടി.എം. ഗവ. കോളേജ്, പുല്ലൂറ്റ് (1)<br><br>പി.ടി.എം. ഗവ. കോളേജ്, പെരിന്തൽമണ്ണ (1) | ശ്രീ സി. അച്യുത മേനോൻ ഗവ. കോളേജ്,തൃശ്ശൂർ |
| | | 1 | ഗവ. കോളേജ്,തിരൂർ | ഗവ. ആർട്സ് & സയൻസ് കോളേജ്,ശാന്തൻപാറ |
| | | **10** | | |
| 4 | **കൊമേഴ്സ് (55 അധിക തസ്തികകൾ)** | 4 | ഗവ. ആർട്സ് കോളേജ്, തിരുവനന്തപുരം (2)<br>ഗവ. വിമൻസ് കോളേജ്, തിരുവനന്തപുരം (1)<br>ഗവ. കോളേജ്, നെടുമങ്ങാട് (1) | എം.എം.എസ്.<br><br>ഗവ. കോളേജ്, മലയിൻകീഴ് |
| | | 4 | ഗവ. കോളേജ്, അമ്പലപ്പുഴ (1)<br><br>ഗവ. കോളേജ്, കോട്ടയം (1) | ഗവ. |

| | | | | |
|---|---|---|---|---|
| | | | ഗവ. കോളേജ്, തൃപ്പൂണിത്തുറ (2) | കോളേജ്, ഇലന്തൂർ |
| | | 5 | ഗവ. കോളേജ്, കട്ടപ്പന (2)<br><br>ഗവ. കോളേജ്, മൂന്നാർ (2)<br><br>ഗവ. കോളേജ്, തൃപ്പൂണിത്തുറ (1) | ഗവ. കോളേജ്, ശാന്തൻപാറ |
| | | 4 | പി.എം. ഗവ.കോളേജ്, ചാലക്കുടി (2)<br><br>ശ്രീ സി. അച്യുതമേനോൻ ഗവ. കോളേജ്, തൃശ്ശൂർ (2) | ഗവ. കോളേജ്, ചേലക്കര |
| | | 4 | ശ്രീ നീലകണ്ഠ ഗവ. സംസ്കൃത കോളേജ്, പട്ടാമ്പി (3)<br><br>ഗവ. ചിറ്റൂർ കോളേജ് (1) | ഗവ. ആർട്സ് & സയൻസ് കോളേജ്, പത്തിരിപ്പാല |
| | | 1 | ടി.എം. ഗവ. കോളേജ്, തിരൂർ | ഗവ. ആർട്സ് & സയൻസ്കോളേജ്, നിലമ്പൂർ |
| | | | ടി.എം.ജെ.എം. | |

| | | | | |
|---|---|---|---|---|
| | | 1 | ഗവ. കോളേജ്, മണിമലക്കുന്ന് | ഗവ. ലോ കോളേജ്, എറണാകുളം |
| | | 1 | ഗവ. വിക്ടോറിയ കോളേജ്, പാലക്കാട് | ഗവ. കോളേജ്, തോലന്നൂർ |
| | | 1 | ജി.പി.എം. ഗവ. കോളേജ്, മഞ്ചേശ്വരം | ഗവ. കോളേജ്, കിനാനൂർ |
| | | 4 | ഗവ. കെ.എൻ.എം. കോളേജ്, കാഞ്ഞിരംകുളം (1) ഗവ. കോളേജ്, ആറ്റിങ്ങൽ (2) ശ്രീ.സി.അച്യുത മേനോൻ ഗവ. കോളേജ്, തൃശ്ശൂർ (1) | ഗവ. കോളേജ്, ചവറ |
| | | **29** | | |
| 5 | **ഫിസിക്സ് (20 അധിക തസ്തികകൾ)** | 3 | ഗവ. കോളേജ്, കോട്ടയം (2) മഹാരാജാസ് കോളേജ്, എറണാകുളം (1) | ഗവ. കോളേജ്, കട്ടപ്പന |
| | | 3 | ഗവ. വിമൻസ് കോളേജ് (1) ഗവ. കോളേജ്, | ബി.ജെ.എം. ഗവ. |

| | | | | |
|---|---|---|---|---|
| | | | കാര്യവട്ടം (1) യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം (1) | കോളേജ്, ചവറ |
| | | 2 | ഗവ. വിക്ടോറിയ കോളേജ്, പാലക്കാട് (1), ഗവ. കോളേജ്, മലപ്പുറം (1) | ഗവ. കോളേജ്, മാനന്തവാടി |
| | | 2 | മഹാരാജാസ്കോളേജ്, എറണാകുളം | പി.എം. ഗവ. കോളേജ് , ചാലക്കുടി |
| | | 2 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം | ഗവ. കെ.എൻ.എം. കോളേജ്, കാഞ്ഞിരംകുളം |
| | | 4 | ഗവ. കോളേജ്, മടപ്പള്ളി (2) ഗവ. ബ്രണ്ണൻ കോളേജ്, തലശ്ശേരി (2) | ഗവ. കോളേജ്, കാസർഗോഡ് |
| | | 16 | | |
| | | | ഗവ. ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട് (1)<br>ഗവ. കോളേജ്, | |

| | | | | |
|---|---|---|---|---|
| 6 | **മലയാളം**<br><br>**(16 അധിക തസ്തികകൾ)** | 6 | തിരൂർ<br>(2)<br>ഗവ. വിക്ടോറിയ കോളേജ്, പാലക്കാട്<br>(1)<br>എസ്.എൻ.ജി. എസ്. കോളേജ്, പട്ടാമ്പി<br>(1)<br>കെ.കെ.ടി.എം. ഗവ. കോളേജ്, പുല്ലൂറ്റ്<br>(1) | ഗവ. കോളേജ്, താനൂർ, മലപ്പുറം |
| | | 1 | ഗവ. ബ്രണ്ണൻകോളേജ്, തലശ്ശേരി | ഗവ. കോളേജ്, നിലമ്പൂർ |
| | | 7 | | |
| 7 | **സ്റ്റാറ്റിസ്റ്റിക്സ് (7 അധിക തസ്തികകൾ)** | 2 | ഗവ. കോളേജ്, മഞ്ചേശ്വരം<br>(1)<br><br>ഗവ. വിക്ടോറിയ കോളേജ്, പാലക്കാട്<br>(1) | ഗവ. കോളേജ്, മലപ്പുറം |
| | | 2 | ഗവ. ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട്<br>(1)<br>മഹാരാജാസ് കോളേജ്, എറണാകുളം<br>(1) | ഗവ. കോളേജ്,പേരാമ്പ്ര |
| | | | ഗവ. ആർട്സ് & | |

| | | | | |
|---|---|---|---|---|
| | | 2 | സയൻസ് കോളേജ്, കോഴിക്കോട് (1) മഹാരാജാസ് കോളേജ്, എറണാകുളം (1) | ഗവ. കോളേജ്, കൊടുവള്ളി |
| | | 1 | ഗവ. ആർട്സ് കോളേജ്, തിരുവനന്തപുരം | ഗവ. ആർട്സ് & സയൻസ് കോളേജ്, മങ്കട |
| | | 7 | | |
| 8 | **പൊളിറ്റിക്കൽ സയൻസ് (9 അധിക തസ്തികകൾ)** | 3 | മഹാരാജാസ്കോളേജ്, എറണാകുളം (2), പി.എം. ഗവ. കോളേജ്, ചാലക്കുടി (1) | ഗവ. ബ്രണ്ണൻ കോളേജ്, തലശ്ശേരി |
| | | 1 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം | ഗവ. കോളേജ്, ഉദുമ |
| | | 5 | ഗവ. കോളേജ്, മടപ്പള്ളി (2) പി.എം. ഗവ. കോളേജ്, ചാലക്കുടി (1) ഗവ. കോളേജ്, കോട്ടയം (2) | ഗവ. കോളേജ്, തവനൂർ |
| | | | | |

| | | | | |
|---|---|---|---|---|
| | | **9** | | |
| 9 | **ബോട്ടണി (11 അധിക തസ്തികകൾ)** | 3 | എസ്.എൻ.ജി. എസ്. കോളേജ്, പട്ടാമ്പി (1) ഗവ. വിക്ടോറിയ കോളേജ്, പാലക്കാട് (1) ഗവ. ബ്രണ്ണൻകോളേജ്, തലശ്ശേരി (1) | ഗവ. വിമൻസ് കോളേജ്, മലപ്പുറം |
| | | 2 | ഗവ. ബ്രണ്ണൻ കോളേജ്, തലശ്ശേരി | ഗവ. കോളേജ്, കിനാനൂർ, കരിന്തളം |
| | | **5** | | |
| 10 | **സുവോളജി (10 അധിക തസ്തികകൾ)** | 3 | ഗവ. കോളേജ്, മടപ്പള്ളി (2) ഗവ. ബ്രണ്ണൻ കോളേജ്, തലശ്ശേരി (1) | ഗവ. കോളേജ്, കോടഞ്ചേരി |
| | | 2 | യൂണിവേഴ്സിറ്റികോളേജ്, തിരുവനന്തപുരം (2) | ബി.ജെ.എം. ഗവ. കോളേജ്, ചവറ |
| | | **5** | | |
| | **ജിയോളജി** | | ഗവ. കോളേജ്, | മഹാരാജാസ് |

| | | | | |
|---|---|---|---|---|
| 11 | (6 അധിക തസ്തികകൾ) | 3 | കോട്ടയം (2)<br>യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം<br>(1) | കോളേജ്, എറണാകുളം |
| 12 | **സൈക്കോളജി**<br>**(2 അധിക തസ്തികകൾ)** | 1 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം | ഗവ. ആർട്സ് & സയൻസ് കോളേജ്, മങ്കട |
| | | 1 | ഗവ. വിമെൺസ് കോളേജ്, തിരുവനന്തപുരം | ഗവ. വിക്ടോറിയ കോളേജ്, പാലക്കാട് |
| | | 2 | | |
| 13 | **അറബിക്**<br>**(10 അധിക തസ്തികകൾ)** | 1 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം | ഗവ. കോളേജ്, തവനൂർ |
| 14 | **ഹിന്ദി**<br>**(11 അധിക തസ്തികകൾ)** | 1 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം | ഗവ. കോളേജ്, തവനൂർ |
| 15 | **ഹിസ്റ്ററി**<br>**(28 അധിക തസ്തികകൾ)** | 3 | ഗവ.ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട്<br>(1)<br>ഗവ.ബ്രണ്ണൻ കോളേജ്, തലശ്ശേരി<br>(1)<br>സി.കെ.ജി മെമ്മോറിയൽ ഗവ.കോളേജ്, പേരാമ്പ്ര<br>(1) | ഗവ. കോളേജ്, കൽപ്പറ്റ |
| | | | സി.കെ.ജി | |

| | | | | |
|---|---|---|---|---|
| | | 3 | മെമ്മോറിയൽ ഗവ.കോളേജ്, പേരാമ്പ്ര (1) ഗവ. വിക്ടോറിയ കോളേജ്, പാലക്കാട് (1) യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം (1) | ഗവ. കോളേജ്, ഉദുമ |
| | | 1 | ഗവ.കോളേജ്, മലപ്പുറം | ഗവ. കോളേജ്, തവനൂർ |
| | | 7 | | |
| 16 | ട്രാവൽ & ടൂറിസം (1 അധിക തസ്തിക) | 1 | കെ.കെ.റ്റി.എം ഗവ. കോളേജ്, പുല്ലൂറ്റ് | ജി പി എം ഗവ. കോളേജ്, മഞ്ചേശ്വരം |
| 17 | എക്കണോമിക്സ് (46 അധിക തസ്തികകൾ) | 3 | ഗവ. കോളേജ്, കോട്ടയം (2) ഗവ. കോളേജ്, ആറ്റിങ്ങൽ (1) | ഗവ. കോളേജ്, അമ്പലപ്പുഴ |
| | | 2 | മഹാരാജസ് കോളേജ്, എറണാകുളം (1) പി.എം ഗവ. കോളേജ്, ചാലക്കുടി (1) | ഗവ. കോളേജ്, തൃപ്പൂണിത്തുറ |

| | | | | |
|---|---|---|---|---|
| | | 2 | ശ്രീ.സി.അച്യുത മേനോൻ ഗവ. കോളേജ്, തൃശ്ശൂർ (2) | ടി.എം.ജെ.എം ഗവ. കോളേജ്, മണിമലക്കുന്ന് |
| | | 3 | ഗവ. കോളേജ്, കോടഞ്ചേരി (2) എൻ.എം. എസ്. എം ഗവ. കോളേജ്, കൽപ്പറ്റ (1) | ഗവ. കോളേജ്, മടപ്പള്ളി |
| | | 3 | ഗവ ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട് (2) എൻ.എം. എസ്.എം ഗവ. കൽപ്പറ്റ കോളേജ്, (1) | ഗവ. ആർട്സ് & സയൻസ് കോളേജ്, ബാലുശ്ശേരി |
| | | **13** | | |
| 18 | **തമിഴ് (7 അധിക തസ്തികകൾ)** | 3 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം (1) ഗവ.കോളേജ്, മൂന്നാർ (1) ഗവ. കോളേജ്, ചിറ്റൂർ (1) | ഗവ. കോളേജ്, കൊഴിഞ്ഞാമ്പാറ |

**6.** മേൽ പട്ടിക പ്രകാരമുള്ള അധിക അധ്യാപക തസ്തികകളുടെ പുനഃ വിന്യാസത്തിന് ശേഷം സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ വിവിധ വിഷയങ്ങളിലുണ്ടാകുന്ന **90** ഒഴിവുകൾ പി.എസ്.സി- ക്ക് അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYAMOHAN
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ (വിദ്യാഭ്യാസ ബി) വകുപ്പ് (10.12.2025 തീയതിയിലെ 2831658/EDN-B3/88/2024-FIN നമ്പർ അഭിപ്രായ പ്രകാരം)
നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വിഭാഗം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/173/2024-ഉവിവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Copy To:- PS to Hon'ble CM
PS to Hon'ble Minister (Higher Education)
CA to Principal Secretary (Higher Education)